# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>സംഗ്രഹം</u>

ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ - E-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യൽ - ശ്രീ. പ്രേംകുമാർ ആർ., അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)-നെ Vacancy Master User ആയി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4882/AD A1/2019/എം.ജി.യു

പ്രിയദർശിനി ഹിൽസ്,തീയതി: 15.10.2019

---

പരാമർശം:-1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 30.09.2019-ലെ കത്ത് നമ്പർ ആർ & എ IV (2)50001/2018

2. സർവ്വകലാശാല ഉത്തരവ് നമ്പർ 2240/എ1/2/2016/ഭരണവിഭാഗം, തീയതി 20.04.2016

3. ശ്രീമതി. ശ്രീലത എൻ., ജോയിൻറ് രജിസ്ട്രാർ III (പരീക്ഷാവിഭാഗം) 01.08.2019 തീയതിയായി നൽകിയ സമർപ്പണം.

## <u>ഉത്തരവ്</u>

സർവ്വകലാശാലകളിലെ വിവിധ തസ്തികകളുടെ റിക്രൂട്ട്മെൻറ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 01.09.2019 മുതൽ E-vacancy software മുഖേന റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ മാത്രമേ സ്വീകരിക്കുകയുള്ളു എന്ന് പരാമർശം (1) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. ഓരോ വകുപ്പിലെയും നിയമനാധികാരിക്കും, Data entry ചെയ്യുന്നതിനുള്ള യൂസർമാർക്കും E-vacancy software സംബന്ധിച്ച് പരിശീലനം നൽകേണ്ടതും, username, password എന്നിവ create ചെയ്ത് നൽകേണ്ടതും അതാത് വകുപ്പുകളിലെ Vacancy Master User (VMU)-ൻറെ ഉത്തരവാദിത്തമാണ്. പരാമർശം (2) പ്രകാരം ഭരണവിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ 1 ആയിരുന്ന ശ്രീമതി. ശ്രീലത എൻ.-നെ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ Vacancy Master User ആയി നിയമിച്ചിരുന്നു.

ജോയിൻറ് രജിസ്ട്രാർ ആയി ഉദ്യോഗക്കയറ്റം ലഭിച്ചതിനാൽ, Vacancy Master User-ൻറെ ചുമതലകളിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന് കാണിച്ചുകൊണ്ട് ശ്രീമതി. ശ്രീലത എൻ. പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു. ആയത് പരിഗണിച്ച്, ശ്രീമതി. ശ്രീലത എൻ-നെ Vacancy Master User-ൻറെ ചുമതലകളിൽ നിന്നും ഒഴിവാക്കിക്കൊണ്ടും, ശ്രീ. പ്രേംകുമാർ ആർ, അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)-നെ Vacancy Master User ആയി നിയമിച്ചുകൊണ്ടും വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

കോമളവല്ലി കെ

ജോയിന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീമതി. ശ്രീലത എൻ., ജോയിൻറ് രജിസ്ട്രാർ III (പരീക്ഷാവിഭാഗം)
2. ശ്രീ. പ്രേംകുമാർ ആർ, അസിസ്റ്റൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
4. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
6. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
7. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണം)
8. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
9. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/എഡി.എII/എഡി.എIII/എഡി.എIV/എഡി.എV/ഓഡിറ്റ് II/ഓഡിറ്റ്III
10. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 30302/AD A1/1/2019/AD A 1 Approved by JOINT REGISTRAR I (ADMIN) on 15-Oct-2019 04:43 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം